"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് -തൃശ്ശൂർ മാസ്റ്റർപ്ലാനിന് 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ് വകുപ്പ് 36(8) പ്രകാരം അന്തിമ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്**

**സ.ഉ.(കൈ) നം.59/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 20/02/2021

---

പരാമർശം:- 1 മുഖ്യനഗരാസൂത്രകന്റെ 11-5-2018 ലെ F2(E2)2131/2015 നമ്പർ കത്ത്.

2 മുഖ്യനഗരാസൂത്രകന്റെ 11-8-2020 ലെ F2(E2)2131/2015 നമ്പർ കത്ത്.

3 മുഖ്യനഗരാസൂത്രകന്റെ 04/11/2020-ലെ ടിസിപിസിടിപി/1484/2020 - എഫ്2 നമ്പർ കത്ത്.

4 ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 28/1/2021-ൽ നടന്ന യോഗത്തിൻെറ നടപടികുറിപ്പുകൾ.

5 മുഖ്യനഗരാസൂത്രകന്റെ 17/02/2021 - ലെ ടിസിപിസിടിപി/1484/2020 - എഫ്2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തൃശ്ശൂർ നഗരസഭയുടെ കരട് മാസ്റ്റർ പ്ലാൻ , കേരള നഗരഗ്രാമാസൂത്രണ ആക്റ്റ് 2016 ലെ 36(4)ാം വകുപ്പ് പ്രകാരം, 20.10.2012-ൽ നഗരസഭ പ്രസിദ്ധപ്പെടുത്തുകയും പൊതുജനങ്ങളിൽ നിന്നും ആക്ഷേപ നിർദ്ദേശങ്ങൾ ക്ഷണിക്കുകയുമുണ്ടായി. ആക്ഷേപ- നിർദ്ദേശങ്ങൾ പരിഗണിച്ച് നഗരസഭ സമർപ്പിച്ച പുതുക്കിയ കരട് മാസ്റ്റർ പ്ളാനിൽ വിവിധ മാറ്റങ്ങൾ ഉൾപ്പെടുത്തിയതിനാൽ പുന:പ്രസിദ്ധീകരണം ആവശ്യമായി കാണുന്നു എന്ന് ചീഫ് ടൗൺ പ്ലാനർ (പ്ളാനിംഗ്) പരാമർശം (1) പ്രകാരം സർക്കാരിൽ അറിയിക്കുകയുണ്ടായി. പുതുക്കിയ കരട് മാസ്റ്റർ പ്ളാൻ പുന:പ്രസിദ്ധീകരിക്കാതെ തന്നെ ആവശ്യമായ മാറ്റങ്ങൾ വരുത്തി നഗരസഭ അംഗീകരിച്ച് മുഖ്യനഗരാസൂത്രകൻ വഴി സമർപ്പിക്കുവാൻ സർക്കാർ നിർദ്ദേശിക്കുകയുണ്ടായി. തുടർന്ന്, മാസ്റ്റർ പ്ളാനിൽ ചില ന്യൂനതകൾ ഉള്ളതായി പരാമർ ശം ( 2 ) പ്രകാരം മുഖ്യനഗരാസൂത്രകൻ ചൂണ്ടിക്കാട്ടുകയുണ്ടായി. .

2 . തൃശ്ശൂർ മാസ്റ്റർപ്ലാൻ സംബന്ധിച്ച് നിലനിൽക്കുന്ന അവ്യക്തതകളും പോരായ്മകളും ന്യൂനതകളും പരിഹരിച്ച് മാസ്റ്റർ പ്ലാനിന് അംഗീകാരം നൽകുന്നതുമായി ബന്ധപ്പെട്ട് തൃശ്ശൂർ നഗരസഭ മേയർ, ജില്ലാ ടൗൺ പ്ലാനർ, ചീഫ് ടൗൺ പ്ലാനർ എന്നിവർ കൂടിയാലോചിച്ച് തൃശ്ശൂർ മാസ്റ്റർപ്ലാൻ

അന്തിമമാക്കുന്നതിനായി ഒരു പുതുക്കിയ പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ മാസ്റ്റർപ്ലാൻ അന്തിമമാക്കുന്നതിനായി യോഗം ചേരുകയും മുഖ്യനഗരാസൂത്രകൻ ചൂണ്ടിക്കാണിച്ച ന്യൂനതകൾ ചർച്ച ചെയ്യുകയും മാസ്റ്റർ പ്ലാൻ റീപബ്ലിഷ് ചെയ്യാത്ത രീതിയിലുള്ള മാറ്റങ്ങൾ വരുത്തുന്നതിന് തീരുമാനിക്കുകയും ചെയ്തിരുന്നു.

3. പരാമർശം (4)-ലെ യോഗ തീരുമാനപ്രകാരം നഗരസഭ ലഭ്യമാക്കിയ പരിഷ്കരിച്ച റിപ്പോർട്ട്, മാപ്പ് എന്നിവ പരിശോധിച്ചതിൽ യോഗതീരുമാനത്തിന് അനുസൃതമായ മാറ്റങ്ങൾ ചേർത്തിട്ടുള്ളതായി പരാമർശം (5) ലെ കത്ത് പ്രകാരം മുഖ്യനഗരാസൂത്രകൻ അറിയിക്കുകയും തൃശ്ശൂർ നഗരസഭ മാസ്റ്റർപ്ലാൻ, റിപ്പോർട്ട് എന്നിവ സാങ്കേതികമായി അംഗീകരിക്കുന്നതിന് ശുപാർശ ചെയ്യുകയും ചെയ്തിരിക്കുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (5) പ്രകാരമുള്ള മുഖ്യനഗരാസൂത്രകന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിന്റെ 36(8) വകുപ്പ് പ്രകാരം തൃശ്ശൂർ മാസ്റ്റർപ്ലാനിന് അന്തിമ അനുമതി നൽകി ഉത്തരവാകുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ശാരദ മുരളീധരൻ ഐ എ എസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

പകർപ്പ്

1. സെക്രട്ടറി, തൃശ്ശൂർ നഗരസഭ
2. മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്), തിരുവനന്തപുരം
3. ജില്ലാ നഗരാസൂത്രകൻ, തൃശ്ശൂർ (മുഖ്യനഗരാസൂത്രകൻ ) മുഖേന
4. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by
REENAMMA P A
Date: 2021.02.20 17:36:44 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ് :- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്
തദ്ദേശസ്വയംഭരണ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്